# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1171 — 04.12.2014 ൽ മറുപടിയ്ക്ക്

### അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന എത്ര സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന എത്ര സ്കൂളുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;<br>(ബി) ആലപ്പുഴ ജില്ലയിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br>(സി) അംഗീകാരമില്ലാത്ത എത്ര സ്കൂളുകളാണ് മാവേലിക്കര നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്നത്; ഇവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ), (ബി), & (സി) വകുപ്പുതല നിർദ്ദേശങ്ങളോ സർക്കാർ മാനദണ്ഡങ്ങളോ പാലിക്കാതെ അനധികൃതമായി വിദ്യാലയങ്ങൾ പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സർക്കാർ അംഗീകാരമില്ലാതെ സ്വന്തം നിലയിൽ വ്യക്തികളും സ്ഥാപനങ്ങളും നടത്തി വരുന്നതാകയാൽ ഇപ്രകാരമുള്ള സ്കൂളുകളുടെ കൃത്യമായ കണക്ക് ലഭ്യമല്ല. |
| (ഡി) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br>(ഇ) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) & (ഇ) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അംഗീകാരമില്ലാത്ത ഒരു സ്കൂളിനും സംസ്ഥാനത്ത് പ്രവർത്തിക്കുവാൻ സാദ്ധ്യമല്ല. വിദ്യാഭ്യാസ അവകാശ നിയമം കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 31.01.2015 വരെയും സ്റ്റേറ്റ് സിലബസ് പിൻതുടരുന്ന, |

സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 31.12.2014 വരെയും ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ഇപ്രകാരം ലഭ്യമാകുന്ന അപേക്ഷ വിശദമായി പരിശോധിച്ച ശേഷം കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുകയും അതിനുശേഷം അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അനധികൃത സ്കൂളുകൾക്കെതിരെ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ